**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **13-09-2023 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതും ഫീസ് ഒഴിവാക്കിയ സേവനങ്ങൾക്ക് പണം ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതായി പരാതികൾ ലഭിച്ചാൽ ആയത് പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന പക്ഷം 5000/- രൂപ പിഴ ഈടാക്കുന്നതാണ്. |
| (ബി) | അത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതായി പരാതികൾ ലഭിച്ചാൽ ആയത് പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന പക്ഷം 5000/- രൂപ പിഴ ഈടാക്കുന്നതാണ്. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിൽ പ്രതിമാസ പരിശോധന ഏർപ്പെടുത്തുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കുമോ; | (സി) | എല്ലാ അക്ഷയ കേന്ദ്രങ്ങളിലും കൃത്യമായി ഇടവേളകളിൽ പരിശോധന നടത്തുന്നതിനായി എല്ലാ അക്ഷയ ജില്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് കോ-ഓർഡിനേറ്റർ പരിശോധന നടത്തി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതി സ്വീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | അക്ഷയ കേന്ദ്രങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ (സേവനങ്ങൾക്ക് അമിത നിരക്ക് ഈടാക്കുക, രസീത് നൽകാതിരിക്കുക, മോശം പെരുമാറ്റം ഉണ്ടാവുക തുടങ്ങിയ സന്ദർഭങ്ങളിൽ) ടി വിവരം 155300 ടോൾ ഫ്രീ നമ്പറിലോ, 0471 2525444 എന്ന നമ്പറിൽ വിളിച്ചറിയിക്കുകയോ aspo.akshaya@kerala.gov.in എന്ന വിലാസത്തിൽ ഇ-മെയിൽ അയക്കുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ